# മധുരമായ കുട്ടികളേ - ബാബ സർവ്വ സംബന്ധങ്ങളുടേയും സ്നേഹത്തിന്റെ സാക്രീനാണ്, ഒരേ ഒരു മധുരമായ പ്രിയതമനെ ഓർമ്മിക്കൂ എങ്കിൽ ബുദ്ധി എല്ലാറ്റിൽ നിന്നും വേർപെടും.

**ചോദ്യം:-** കർമ്മാതീതമാകാനുള്ള സഹജമായ പുരുഷാർത്ഥവും യുക്തിയും എന്താണ്?
**ഉത്തരം:-** ഭായി-ഭായി ആണെന്നുള്ള ദൃഷ്ടി ഉറച്ചതാക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ. ബുദ്ധിയിൽ ഒരു ബാബയല്ലാതെ മറ്റെല്ലാം മറന്നു പോകണം. ഒരു ദേഹധാരിയുടെ സംബന്ധവും ഓർമ്മ വരുന്നില്ലെന്നുണ്ടെങ്കിൽ കർമ്മാതീതമാകാം. സ്വയത്തെ ആത്മാ ഭായി-ഭായി ആണെന്ന് മനസ്സിലാക്കുക- ഇത് തന്നെയാണ് പുരുഷാർത്ഥത്തിന്റെ ലക്ഷ്യം. ഭായി-ഭായി എന്ന് മനസ്സിലാക്കുന്നതിലൂടെ ദേഹത്തിന്റെ ദൃഷ്ടി, വികാരി ചിന്തകൾ ഇല്ലാതായിത്തീരും.

**ഓം ശാന്തി**. ഡബിൾ ഓം ശാന്തി. എങ്ങനെയാണ് ഡബിൾ, ഇത് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ മാത്രമേയുള്ളൂ. ബാബയും കുട്ടികൾക്കാണ് മനസ്സിലാക്കി തരുന്നത്. ആദ്യം ബാബയുടെ നിശ്ചയം ഉണ്ടാകണം എന്തെന്നാൽ ഇത് ബാബയുമാണ്, ടീച്ചറുമാണ്, ഗുരുവുമാണ്. ലൗകിക രീതിയിൽ നോക്കുകയാണെങ്കിൽ വെവ്വേറെ ആണ്. യൗവ്വന സമയത്തിലാണ് ടീച്ചറിന്റെ അടുത്ത് പഠിക്കാൻ പോകുന്നത്. ഗുരുവിന്റെ അടുക്കൽ പോകുന്നത് 60 വയസ്സ് കഴിഞ്ഞതിനു ശേഷമാണ്. ഇവിടെയാണെങ്കിൽ വരുമ്പോൾ തന്നെ മൂന്നുപേരും ഒരുമിച്ച് സേവനം ചെയ്യുന്നു. ചെറിയവർക്കും-വലിയവർക്കും എല്ലാം പഠിക്കാൻ കഴിയുമെന്ന് പറയുന്നു. കുട്ടികളുടെ തലച്ചോറ് നല്ല ശുദ്ധമായിരിക്കും. ഇതു കുട്ടികൾ മനസ്സിലാക്കി കഴിഞ്ഞു, ചെറിയവരായാലും-വലിയവരായാലും എല്ലാവരും തീർച്ചയായും ജീവാത്മാക്കളാണ്. ആത്മാവാണ് ശരീരത്തിൽ പ്രവേശിക്കുന്നത്. ആത്മാവും ശരീരവും തമ്മിൽ വ്യത്യാസം എന്തായാലും ഉണ്ടല്ലോ. ഇവിടെ നിങ്ങൾ കുട്ടികൾക്ക് ആത്മാവിന്റേയും പരമാത്മാവിന്റേയും ജ്ഞാനം നൽകുകയാണ്. ആത്മാവ് അവിനാശിയാണ്, പിന്നെ ശരീരം ഭ്രഷ്ടാചാരത്തിലൂടെയാണ് ജന്മമെടുക്കുന്നത്. അവിടെ ഭ്രഷ്ടാചാരത്തിന്റെ പേരു പോലും കാണുകയില്ല. സമ്പൂർണ്ണ നിർവ്വികാരിലോകം എന്നാണ് മഹിമയുള്ളത്. ശ്രേഷ്ഠാചാരി എന്നും ഭ്രഷ്ടാചാരി എന്നും അക്ഷരങ്ങൾ ഉണ്ടല്ലോ. ഈ കാര്യങ്ങൾ എല്ലാം ബാബയാണ് മനസ്സിലാക്കി തരുന്നത്. ആത്മാക്കളുടെ അച്ഛനാണ് നമ്മൾ ആത്മാക്കളെ പഠിപ്പിക്കുന്നത് എന്നുള്ള ഉറച്ച നിശ്ചയം കുട്ടികൾക്കുണ്ടായിരിക്കണം. ബാബ വരുന്നതു തന്നെ പുരുഷോത്തമ സംഗമയുഗത്തിലാണ്. അപ്പോൾ ഇതിലൂടെ തെളിയുന്നത് അധമനിൽ നിന്നും പുരുഷോത്തമനാക്കുന്നു. ഈ ലോകം തന്നെ തമോപ്രധാനമാണ്, ഇതിനെ ഘോരമായ നരകം എന്നാണ് പറയുന്നത്. ഇപ്പോൾ നമുക്ക് തിരിച്ചു പോകണം, അതുകൊണ്ട് സ്വയം തന്നെ ആത്മാവാണെന്ന് മനസ്സിലാക്കണം. ബാബ വന്നിരിക്കുന്നത് കൊണ്ടു പോകാനാണ്. നമ്മൾ ഭായി-ഭായിയാണ്-ഈ ഉറച്ച നിശ്ചയം ഉണ്ടാകണം. ഈ ദേഹം കാണുകയേയില്ല. പിന്നീട് വികാരത്തിന്റെ ദൃഷ്ടി അവസാനിക്കും. ഇതാണ് ഉയർന്ന ലക്ഷ്യം. ഈ ലക്ഷ്യത്തിൽ വളരെ കുറച്ചുപേർക്ക മാത്രമേ എത്താൻ സാധിക്കുകയുള്ളൂ, പരിശ്രമമാണ്. മുന്നോട്ടു പോകുമ്പോൾ ഒരു സാധനവും ഓർമ്മ വരാൻ പാടില്ല, ഇതിനെയാണ് കർമ്മാതീത അവസ്ഥ എന്ന് പറയുന്നത്. ഈ ദേഹവും വിനാശിയാണ്, ഇതിൽ നിന്നും മമത്വം ഇല്ലാതെയാകണം. പഴയ സംബന്ധത്തിൽ മമത്വം വയ്ക്കാൻ പാടില്ല. ഇപ്പോൾ പുതിയ സംബന്ധത്തിൽ പോകണം. സ്ത്രീ- പുരുഷരെന്ന പഴയ ആസുരീയ സംബന്ധം എത്ര മോശമാണ്. ബാബ പറയുകയാണ് സ്വയം തന്നെ ആത്മാവാണെന്ന് മനസ്സിലാക്കൂ. ഇപ്പോൾ തിരിച്ചു പോകണം. ആത്മാ-ആത്മാവാണെന്ന് മനസ്സിലാക്കിയാൽ പിന്നെ ദേഹബോധത്തിൽ കാണില്ല. സ്ത്രീയും-പുരുഷനും എന്നുള്ള ആകർഷണം ഇല്ലാതാകും. അന്തിമ കാലത്ത് ആരാണോ സ്ത്രീയെ സ്മരിക്കുന്നത്, അങ്ങനെയുള്ള ചിന്തയിൽ മരിക്കുകയാണെങ്കിൽ എന്ന് എഴുതി വെച്ചിട്ടുമുണ്ട്.... അതു കൊണ്ട് പറയുന്നു അന്തിമ കാലത്ത് ഗംഗാ ജലം വായിലുണ്ടായിരിക്കണം, കൃഷ്ണന്റെ ഓർമ്മയുണ്ടായിരിക്കണം. ഭക്തി മാർഗ്ഗത്തിൽ കൃഷ്ണനെ ഓർമ്മിക്കുന്നു. കൃഷ്ണ ഭഗവാനുവാച എന്നു പറയുന്നു. ഇവിടെ ബാബ പറയുകയാണ് ദേഹത്തിനെ പോലും ഓർക്കരുത്. സ്വയം തന്നെ ആത്മാവാണെന്ന് മനസ്സിലാക്കൂ മറ്റുള്ളതിൽ നിന്നെല്ലാം മനസ്സിനെ മാറ്റൂ. സർവ്വ സംബന്ധങ്ങളുടെയും സ്നേഹം ഒരാളിൽ സാക്രീൻ പോലെയാണ്. സർവ്വരുടേയും മധുരമേറിയവനും അതു പോലെ പ്രിയതമനുമാണ്. പ്രിയതമൻ ഒന്നേയുള്ളൂ. പക്ഷെ ഭക്തി മാർഗ്ഗത്തിൽ എന്തു മാത്രം പേരാണ് വച്ചിരിക്കുന്നത്. ഭക്തിയുടെ വിസ്താരം വളരെയാണ്. യജ്ഞം, തപസ്സ്, ദാനം, തീർത്ഥയാത്ര, വ്രതമെടുക്കുക, ശാസ്ത്രങ്ങൾ വായിക്കുക ഇതെല്ലാം ഭക്തിയിലെ സാമഗ്രികളാണ്. ജ്ഞാനത്തിന്റെ സാമഗ്രികൾ ഒന്നും തന്നെയില്ല. ഇതും മനസ്സിലാക്കി കൊടുക്കാൻ വേണ്ടിയാണ് നിങ്ങൾ കുറിച്ചെടുക്കുന്നത്. നിങ്ങളുടെ ഈ പേപ്പറുകൾ ഒന്നും തന്നെ കാണുകയില്ല. ബാബ മനസ്സിലാക്കി

തരികയാണ്-കുട്ടികളെ, നിങ്ങൾ ശാന്തിധാമത്തിൽ നിന്നുമാണ് വന്നത്, ശാന്തരായിരുന്നു. ശാന്തിയുടെ സാഗരനിൽ നിന്നും നിങ്ങൾ ശാന്തിയുടേയും, പവിത്രതയുടേയും സമ്പത്ത് നേടുന്നു. ഇപ്പോൾ നിങ്ങൾ സമ്പത്ത് നേടുകയല്ലേ. ജ്ഞാനവും നേടിക്കൊണ്ടിരിക്കുന്നു. പദവി മുന്നിൽ നിൽക്കുന്നു. ബാബയ്ക്കല്ലാതെ ഈ ജ്ഞാനം വേറെ ആർക്കും നൽകാൻ സാധിക്കുകയില്ല. ഇത് ആത്മീയ ജ്ഞാനമാണ്. ആത്മീയ ജ്ഞാനം നൽകാൻ, ആത്മീയ അച്ഛൻ ഒരേ ഒരു പ്രാവശ്യമാണ് വരുന്നത്. ബാബയെ വിളിക്കുന്നത് പതീത-പാവനൻ എന്നാണ്.

രാവിലെ കുട്ടികളേ ഇരുത്തി ഡ്രിൽ ചെയ്യിക്കുന്നു. വാസ്തവത്തിൽ ഇതിനെ ഡ്രിൽ എന്നും പറയാൻ സാധിക്കില്ല. ബാബ ഇത്ര മാത്രം പറയുന്നു-കുട്ടികളെ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. എന്തു മാത്രം സഹജമാണ്. നിങ്ങൾ ആത്മാവല്ലേ. എവിടെ നിന്നുമാണ് വന്നത്? പരംധാമത്തിൽ നിന്നും. ഇങ്ങനെ വേറെ ആരും ചോദിയ്ക്കുകയില്ല. പാരലൗകിക അച്ഛനാണ് കുട്ടികളോട് ചോദിയ്ക്കുന്നത്-കുട്ടികളേ, പരംധാമത്തിൽ നിന്നല്ലേ വന്നിരിക്കുന്നത്, ഈ ശരീരത്തിൽ പാർട്ട് അഭിനയിക്കാൻ വേണ്ടി. പാർട്ട് അഭിനയിച്ച്-അഭിനയിച്ച് ഇപ്പോൾ നാടകം പൂർത്തിയായി. ആത്മാവ് പതീതമാകുമ്പോൾ ശരീരവും പതീതമാകുന്നു. സ്വർണ്ണത്തിൽ ചെമ്പ് ചേരുമ്പോൾ അതിനെ പിന്നെ ഉരുക്കുന്നു. സന്യാസിമാർ അങ്ങനെത്തെ അർത്ഥം ഒരിക്കലും പറഞ്ഞു തരികയില്ല. അവർക്കാണെങ്കിൽ ഈശ്വരനെ അറിയില്ല. ബാബയുമായി യോഗം വയ്ക്കൂ, ഇത് അവർ അംഗീകരിക്കുന്നതേയില്ല. ബാബ പഠിപ്പിക്കുന്നത് മറ്റാർക്കും പഠിപ്പിക്കാൻ സാധിക്കില്ല. ഇതിൽ പ്രായോഗികമായി പരിശ്രമം നടത്തണം. ബാബ എന്തു മാത്രം സഹജമായിട്ടാണ് മനസ്സിലാക്കി തരുന്നത്. പാടുന്നതു തന്നെ പതീത-പാവനൻ, സർവ്വശക്തിവാൻ, പിന്നെ ശ്രീ-ശ്രീ എന്നും വിളിക്കുന്നു. പിന്നെ ശ്രീ എന്നു പറയുന്നത് ദേവതകളെയാണ്. അവർക്ക് ശോഭിയ്ക്കും. അവരുടെ ആത്മാവും ശരീരവും രണ്ടും പവിത്രമാണ്. ആത്മാവിനെ നിർലേപം എന്നു പറയാൻ സാധിക്കില്ല. ആത്മാവാണ് 84 ജന്മം എടുക്കുന്നത്. പക്ഷെ മനുഷ്യൻ അറിയാത്തതു കാരണം അധാർമ്മി കരായിത്തീർന്നിരിക്കുന്നു. ഒരേ ഒരു ബാബയാണ് വന്നിട്ട് ധാർമ്മികരാക്കി മാറ്റുന്നത്. രാവണനാണ് അധാർമ്മികരാക്കി മാറ്റുന്നത്. ചിത്രം നിങ്ങളുടെ അടുത്തുണ്ട്. പിന്നെ 10 തലയുള്ള രാവണൻ ഒന്നും ഇല്ല. സത്യയുഗത്തിൽ രാവണനേ ഇല്ല, അത് സ്പഷ്ടമാണ്. പക്ഷെ ആരാണോ കേൾക്കുന്നത് അവർ പറയും ഇവിടെയുള്ളതിന്റെ തൈയ്യാണെന്ന്. ചിലരാണെങ്കിൽ കുറച്ചേ കേൾക്കുകയേയുള്ളൂ, ചിലരാണെങ്കിൽ കൂടു തൽ കേൾക്കുകയും ചെയ്യും. ഭക്തി മാർഗ്ഗത്തിന്റെ വിസ്താരം എന്തു മാത്രമാണെന്ന് നോക്കൂ. അനേക പ്രകാരത്തിലുള്ള ഭക്തരുണ്ട്. പിന്നെയാണെങ്കിൽ നേരത്തേ കേട്ടിട്ടുണ്ട്- ഓടിപ്പിച്ചിരുന്നുവെന്ന്. കൃഷ്ണനെക്കുറിച്ച് പറയാറുണ്ടല്ലോ-ഓടിപ്പിച്ചുവെന്ന്. പിന്നെ എന്തിനാണ് അങ്ങനെത്തെ കൃഷ്ണനെ സ്നേഹിക്കുന്നത്? എന്തിനാണ് പൂജിക്കുന്നത്? അപ്പോൾ ബാബ വന്നിട്ട് മനസ്സിലാക്കി തരികയാണ്, കൃഷ്ണൻ ആദ്യത്തെ രാജകുമാരനാണ്. അദ്ദേഹം എന്തു മാത്രം ബുദ്ധിമാനായിരിക്കും. മുഴുവൻ വിശ്വത്തിന്റെ അധികാരി ബുദ്ധി കുറഞ്ഞവനായിരിക്കുമോ! അവിടെ അവർക്ക് മന്ത്രിമാരാരും കാണുകയില്ല. അഭിപ്രായം ചോദിയ്ക്കേണ്ട ആവശ്യം ഇല്ല. അഭിപ്രായം നേടിയാണ് സമ്പൂർണ്ണമായത്, പിന്നെ എന്തിനാണ് അഭിപ്രായം നേടുന്നത്! നിങ്ങൾക്ക് അര കല്പം ആരോടും അഭിപ്രായം ചോദിയ്ക്കേണ്ട കാര്യമില്ല. സ്വർഗ്ഗത്തിന്റെയും നരകത്തിന്റേയും പേരും കേട്ടിട്ടുണ്ട്. ഇത് സ്വർഗ്ഗം ആകുകയില്ല. കല്ലു ബുദ്ധികളായതിനാൽ കരുതുന്നു, ഇവിടെ നമുക്ക് ധനം ഉണ്ട്, കൊട്ടാരങ്ങളും എല്ലാം ഉണ്ട്, ഇത് തന്നെയാണ് സ്വർഗ്ഗം. പക്ഷെ നിങ്ങൾക്കറിയാം സ്വർഗ്ഗം എന്നു പറഞ്ഞാൽ പുതിയ ലോകമാണ്. സ്വർഗ്ഗത്തിൽ എല്ലാവരും സത്ഗതിയിലായിരിക്കും. സ്വർഗ്ഗവും-നരകവും ഒരുമിച്ചാണോ ഇരിക്കുന്നത്. സ്വർഗ്ഗം എന്ന് പറയുന്നതെന്തിനെയാണ്, അതിന്റെ കാലാ വധി എത്രയാണ്-ഇതെല്ലാം ബാബ നിങ്ങൾക്ക് മനസ്സിലാക്കി തന്നു. ലോകം ഒന്നേയുള്ളൂ. പുതിയതിനെ സത്യയുഗം എന്നും പഴയതിനെ കലിയുഗം എന്നും പറയുന്നു. ഇപ്പോൾ ഭക്തി മാർഗ്ഗം അവസാനിക്കണം. ഭക്തിയ്ക്കു ശേഷം ജ്ഞാനം ആവശ്യമാണ്. സർവ്വ ജീവാത്മാക്കളും പാർട്ട് അഭിനയിച്ച്-അഭിനയിച്ച് പതീതരായിരിക്കുകയാണ്. ഇതും ബാബ മനസ്സിലാക്കി തന്നു. നിങ്ങൾ കൂടുതൽ സുഖം അനുഭവിക്കുന്നു. 3/4 സുഖമാണ്, ബാക്കി 1/4 ആണ് ദുഃഖം. ഇതിലും എപ്പോഴാണോ തമോപ്രധാനമാകുന്നത് അപ്പോഴാണ് കൂടുതൽ ദുഃഖം അനുഭവപ്പെടുന്നത്. പകുതി-പകുതിയാണെങ്കിൽ എങ്ങനെ രസം തോന്നും. സ്വർഗ്ഗത്തിൽ ദുഃഖത്തിന്റെ പേരോ-അടയാളമോ ഇല്ലാത്തതിനാലാണ് രസം അനുഭവപ്പെടുന്നത്, അതു കൊണ്ടാണ് സ്വർഗ്ഗത്തെ എല്ലാവരും ഓർക്കുന്നത്. പഴയ ലോകത്തിന്റേയും പുതിയ ലോകത്തിന്റേയും ഇത് പരിധിയില്ലാത്ത കളിയാണ്, ആർക്കും അത് അറിയാൻ സാധിക്കുകയില്ല. ബാബ ഭാരതവാസികൾക്കാണ് മനസ്സിലാക്കി തരുന്നത്, ബാക്കിയെല്ലാവരും, അരകല്പത്തിലാണ് വരുന്നത്. അരകല്പം നിങ്ങൾ സൂര്യവംശികളും, ചന്ദ്ര വംശികളും മാത്രമേ കാണുകയുള്ളൂ. നിങ്ങൾ പവിത്രമായിരിക്കുന്നതിനാൽ നിങ്ങൾക്ക് ആയുസ്സ് കൂടുതലായിരിക്കും പിന്നെ ലോകവും പുതിയതാണ്. അവിടെ എല്ലാം പുതിയതായിരിക്കും, ധാന്യങ്ങൾ, ജലം, ഭൂമി മുതലായവയെല്ലാം പുതിയതായിരിക്കും. മുന്നോട്ട്

പോകുന്തോറും നിങ്ങൾ കുട്ടികൾക്ക് ഇങ്ങനെ-ഇങ്ങനെ നടക്കും എന്നുള്ള എല്ലാ സാക്ഷാത്ക്കാരവും ചെയ്യിക്കും. ആദ്യവും ഉണ്ടായിരുന്നു ഇനി അവസാനവും ഉണ്ടാകും. അടുക്കുന്തോറും സന്തോഷം ഉണ്ടായിക്കൊണ്ടിരിക്കും. മനുഷ്യൻ അന്യനാട്ടിൽ നിന്നും തന്റെ നാട്ടിലേക്ക് വരുമ്പോൾ സന്തോഷം തോന്നാറില്ലേ. ആരെങ്കിലും വിദേശ രാജ്യത്തിൽ മരിക്കുകയാണെങ്കിൽ അവരെ വിമാനത്തിലാണെങ്കിലും സ്വന്തം ദേശത്തിലേക്ക് കൊണ്ടു വരുന്നു. ഒന്നാംതരം പവിത്ര ഭൂമി എന്നു പറയുന്നത് ഭാരതമാണ്. ഭാരതത്തിന്റെ മഹിമയെക്കുറിച്ച് നിങ്ങൾ കുട്ടികൾക്കല്ലാതെ മറ്റാർക്കും അറിയില്ല. ലോകത്തിലെ ഏറ്റവും വലിയ അതിശയമല്ലേ-അതിന്റെ പേരാണ് സ്വർഗ്ഗം. അവർ കാണിക്കുന്ന അതിശയങ്ങൾ എല്ലാം തന്നെ, നരകത്തിലേതാണ്. നരകത്തിലെ അതിശയങ്ങളും, സ്വർഗ്ഗത്തിലെ അതിശയങ്ങളും-തമ്മിൽ രാത്രിയും-പകലും തമ്മിലുള്ള വ്യത്യാസമാണ്! നരകത്തിലെ അതിശയങ്ങളും വളരെ മനുഷ്യർ കാണാനാഗ്രഹിക്കുന്നു. എന്തു മാത്രം ക്ഷേത്രങ്ങളാണുള്ളത്. അവിടെ ക്ഷേത്രങ്ങൾ ഒന്നും തന്നെയില്ല. പ്രകൃതി സൗന്ദര്യം മാത്രമേ കാണുകയുള്ളൂ. മനുഷ്യർ വളരെ കുറവായിരിക്കും. സുഗന്ധത്തിന്റെ ഒന്നും ആവശ്യമില്ല. ഓരോരുത്തർക്കും അവരവരുടേതായിട്ടുള്ള ഒന്നാംതരം പൂന്തോട്ടം ഉണ്ടായിരിക്കും, ഒന്നാംതരം പുഷ്പങ്ങളായിരിക്കും. അവിടുത്തെ കാറ്റു പോലും ഒന്നാംതരം ആയിരിക്കും. ചൂട് മുതലായവയൊന്നും ശല്യം ചെയ്യുകയില്ല. എല്ലായ്പ്പോഴും ഒന്നാംതരം കാലാവസ്ഥയായിരിക്കും. ചന്ദനത്തിരിയുടെ പോലും ആവശ്യം വരില്ല. സ്വർഗ്ഗം എന്നുള്ള പേര് കേൾക്കുമ്പോൾ തന്നെ വായിൽ വെള്ളം ഊറും. നിങ്ങൾ പറയും അങ്ങനെയുള്ള സ്വർഗ്ഗത്തിൽ പെട്ടെന്ന് എത്തിയിരുന്നെങ്കിൽ, എന്തെന്നാൽ നിങ്ങൾ സ്വർഗ്ഗത്തിനെ അറിയുന്നവരാണ് പക്ഷെ എന്നിരുന്നാലും ഇപ്പോൾ ഹൃദയം പറയുന്നു-ഇപ്പോൾ നമ്മൾ പരിധിയില്ലാത്ത അച്ഛനോടൊപ്പമാണ്, ബാബ പഠിപ്പിക്കുകയാണ്, ഇങ്ങനെത്തെ അവസരം പിന്നീടൊരിക്കലും ലഭിക്കുകയില്ല. ഇവിടെ മനുഷ്യൻ, മനുഷ്യനെ പഠിപ്പിക്കുന്നു, അവിടെ ദേവതകൾ, ദേവതകളെ പഠിപ്പിക്കുന്നു. ഇവിടെ ബാബ പഠിപ്പിക്കുന്നു. രാത്രിയും-പകലും തമ്മിലുള്ള വ്യത്യാസമാണ്! എന്തു മാത്രം സന്തോഷം ഉണ്ടായിരിക്കണം.

84 ജന്മവും നിങ്ങൾ എടുക്കുന്നു. നിങ്ങളാണ് ലോകത്തിന്റെ ഹിസ്റ്ററിയും ജോഗ്രഫിയും അറിയുന്നത് അതായത് നമ്മൾ അനേക പ്രാവശ്യം ഈ രാജ്യം നേടി പിന്നീട് രാവണ രാജ്യത്തിൽ വന്നു. ഇപ്പോൾ ബാബ പറയുകയാണ്, നിങ്ങൾ ഒരു ജന്മം പവിത്രമാകുകയാണെങ്കിൽ 21 ജന്മം പാവനമായിത്തീരും. എന്തു കൊണ്ട് ആകില്ല! പക്ഷെ മായ അങ്ങനേത്തേതാണ്, സഹോദരനും-സഹോദരിയുമാണെന്നുള്ളതു പോലും വേകാത്ത പരിപ്പ് പോലെയാണ്, പച്ചയായിട്ടു തന്നെയിരിക്കുന്നു. എപ്പോഴാണോ സ്വയം തന്നെ ആത്മാവാണെന്ന് മനസ്സിലാക്കി സഹോദരനും-സഹോദരനും എന്നു മനസ്സിലാക്കുന്നുവോ അപ്പോഴേ പരിപ്പ് വേവുകയുള്ളൂ. ദേഹത്തിന്റെ ബോധം ഇല്ലാതായിത്തീരും. ഇതിലാണ് പരിശ്രമം. വളരെ സഹജവുമാണ്. ആരോടെങ്കിലും പ്രയാസമേറിയാതാണെന്ന് പറയുകയാണെങ്കിൽ അവരുടെ മനസ്സ് മാറി പോകും അതു കൊണ്ട് ഇതിന്റെ പേരു തന്നെ സഹജമായ ഓർമ്മ എന്നാണ്. ജ്ഞാനവും സഹജമാണ്. 84 ചക്രത്തെ കുറിച്ച് അറിയുക, ആദ്യം-ആദ്യം ബാബയുടെ പരിചയം കൊടുക്കണം. ബാബയുടെ ഓർമ്മയിൽ കൂടി മാത്രമേ ആത്മാവിന്റെ തുരുമ്പ് ഇല്ലാതാകുകയുള്ളൂ പിന്നെ പവിത്ര ലോകത്തിന്റെ സമ്പത്ത് നേടും. ആദ്യം ബാബയെ ഓർമ്മിക്കൂ. ഭാരതത്തിന്റെ പ്രാചീന യോഗം എന്നു പറയുന്നു, അതിലൂടെ ഭാരതത്തിന് വിശ്വത്തിന്റെ ചക്രവർത്തി പദവി ലഭിക്കുന്നു. പ്രാചീനം എന്നു പറഞ്ഞാൽ എത്ര വർഷമായി? അപ്പോൾ ലക്ഷക്കണക്കിന് വർഷം എന്നു പറയുന്നു. നിങ്ങൾക്കറിയാം അയ്യായിരം വർഷത്തിന്റെ കാര്യമാണ്, അതേ രാജയോഗം ബാബ വീണ്ടും പഠിപ്പിക്കുകയാണ്, ഇതിൽ ആശയകുഴപ്പത്തിൽ വരേണ്ട കാര്യമൊന്നും തന്നെയില്ല. നിങ്ങൾ ആത്മാക്കളുടെ നിവാസ സ്ഥലം എവിടെയാണെന്ന് ചോദിയ്ക്കാറുണ്ട്? അപ്പോൾ നമ്മുടെ നിവാസ സ്ഥലം ഭൃകുടിയാണെന്ന് പറയും. അതുകൊണ്ട് ആത്മാവിനെയാണ് കാണേണ്ടത്. ഈ ജ്ഞാനം ഇപ്പോൾ നിങ്ങൾക്ക് ലഭിക്കുന്നു അവിടെ ജ്ഞാനത്തിന്റെ ആവശ്യം തന്നെ കാണുകയില്ല. മുക്തിയും-ജീവന്മുക്തിയും നേടി കഴിഞ്ഞാൽ, അവസാനിച്ചു. മുക്തിയിൽ വരുന്നവരും അവരുടെ സമയത്തിൽ ജീവന്മുക്തിയിൽ വന്നിട്ട് സുഖം അനുഭവിക്കും. എല്ലാവരും ജീവന്മുക്തിയിൽ വരുന്നത് മുക്തി വഴിയാണ്. ഇവിടെ നിന്നു പോകുന്നത് ശാന്തിധാമത്തിലേക്കാണ് അല്ലാതെ മറ്റ് ലോകങ്ങൾ ഒന്നും തന്നെയില്ല. ഡ്രാമയനുസരിച്ച് എല്ലാവർക്കും തിരിച്ച് പോകുക തന്നെ വേണം. വിനാശത്തിന്റെ തയ്യാറെടുപ്പുകൾ നടക്കുകയാണ്. ഇത്രയും ചെലവാക്കി ബോംബുകൾ ഉണ്ടാക്കുന്നത് അങ്ങനെത്തന്നെ വെച്ചിരിക്കാനല്ല. തോക്കുകൾ വിനാശത്തിനു വേണ്ടിയുള്ളതാണ്. സത്യയുഗത്തിലും-ത്രേതായുഗത്തിലും ഈ സാധനങ്ങൾ കാണുകയില്ല. ഇപ്പോൾ 84 ജന്മം പൂർത്തിയായി, നമ്മൾ ഈ ശരീരം വിട്ടിട്ട് വീട്ടിലേക്ക് പോകും. ദീപാവലി ദിവസം എല്ലാവരും പുതിയ-പുതിയ നല്ല-നല്ല വസ്ത്രങ്ങൾ അണിയുന്നു. നിങ്ങൾ ആത്മാവും പുതിയതാകുന്നു. ഇത് പരിധിയില്ലാത്ത കാര്യമാണ്. ആത്മാവ് പവിത്രമാകുന്നതിലൂടെ ശരീരവും ഒന്നാംതരം ലഭിക്കുന്നു. ഈ സമയം കൃത്രിമമായ ഫാഷനുകൾ കാണിക്കുന്നു, പൗഡർ ഒക്കെ അണിഞ്ഞ് വളരെ സൗന്ദര്യമുള്ളവരാകുന്നു. അവിടെ പ്രകൃത്യായുള്ള സൗന്ദര്യമായിരിക്കും. ആത്മാവ് സദാ

സൗന്ദര്യമുള്ളതാകുന്നു. ഇത് നിങ്ങൾക്കറിയാം. സ്ക്കൂളിൽ എല്ലാവരും ഒരു പോലെയായിരിക്കുകയില്ല. നിങ്ങളും പുരുഷാർത്ഥം ചെയ്യുകയാണ്- നമ്മളും ഇതു പോലെ ലക്ഷ്മീ-നാരായണനാകും.
ഇത് നിങ്ങളുടെ ഈശ്വരീയ കുലമാണ്. അത് കഴിഞ്ഞ് സൂര്യവംശി-ചന്ദ്രവംശി രാജ്യമാണ്. നിങ്ങൾ ബ്രാഹ്മണർക്ക് രാജ്യമില്ല. നിങ്ങൾ ഇപ്പോൾ സംഗമത്തിലാണ്. കലിയുഗത്തിൽ ഇപ്പോൾ രാജ്യം ഒന്നുമില്ല. ചില രാജ്യങ്ങൾ അവശേഷിച്ചിട്ടുമുണ്ട്, ഒന്നും തീരേ അവസാനിക്കുന്നില്ല. ഇപ്പോൾ നിങ്ങൾ ഇത് ആകാൻ വേണ്ടി പുരുഷാർത്ഥം ചെയ്യുകയാണ്. നോക്കുന്നത് നമ്മൾ ആത്മാക്കൾ സഹോദരനും-സഹോദരനും എന്നാണ് അത് നമ്മുടെ അച്ഛനാണ്. ബാബ പറയുകയാണ് പരസ്പരം സഹോദരനും-സഹോദരനുമാണെന്ന് കാണൂ. ജ്ഞാനമാകുന്ന മൂന്നാമത്തെ നേത്രം ലഭിച്ചുവല്ലോ. നിങ്ങൾ ആത്മാക്കൾ എവിടെയാണ് വസിക്കുന്നത്? ആത്മാവാകുന്ന സഹോദരൻ ചോദിയ്ക്കുകയാണ്, ആത്മാവ് എവിടെയാണ് ഇരിക്കുന്നത്? അപ്പോൾ പറയുന്നു-ഇവിടെ, ഭൃകുടിയിൽ. ഇത് സാധാരണ കാര്യമാണ്. ഒരേ ഒരു ബാബയല്ലാതെ മറ്റൊന്നും ഓർമ്മ വരാൻ പാടില്ല. വരാൻ പോകുന്ന സമയത്ത് ശരീരം പോലും ബാബയുടെ ഓർമ്മയിൽ വിടണം-ഈ അഭ്യാസം ഉറച്ചതായിരിക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സത്യയുഗത്തിൽ സുന്ദരമായ ശരീരം പ്രാപ്തമാക്കാൻ വേണ്ടി ഇപ്പോൾ ആത്മാവിനെ പാവനമാക്കണം, തുരുമ്പിനെ ഇല്ലാതാക്കണം. കൃത്രിമമായ ഫാഷൻ ചെയ്യരുത്.

2) സദാ പവിത്രമാകുന്നതിനു വേണ്ടി ഒരേ ഒരു ബാബയല്ലാതെ മറ്റൊന്നും ഓർമ്മ വരാത്ത തരത്തിലുള്ള അഭ്യാസം ചെയ്യണം. ഈ ദേഹം പോലും മറന്ന അവസ്ഥയായിരിക്കണം. സഹോദരനും-സഹോദരനുമാണെന്നുള്ള ദൃഷ്ടി സ്വാഭാവികവും പക്കയുമായിരിക്കണം.

## വരദാനം:- ശുഭ ഭാവന, ശുഭ കാമനയുടെ സഹയോഗത്തിലൂടെ ആത്മാക്കളെ പരിവർത്തനം ചെയ്യുന്ന സഫലതാ സമ്പന്നരായി ഭവിക്കൂ

എപ്പോൾ ഏതൊരു കാര്യത്തിലും സർവ്വ ബ്രാഹ്മണ കുട്ടികളും സംഘടിത രൂപത്തിൽ തന്റെ മനസ്സിന്റെ ശുഭ ഭാവനകളുടേയും ശുഭ കാമനകളുടേയും സഹയോഗം നൽകുന്നോ - അപ്പോൾ ഈ സഹയോഗത്തിലൂടെ വായുമണ്ഡലത്തിന്റെ കോട്ടയുണ്ടാകുന്നു അത് ആത്മാക്കളെ പരിവർത്തനം ചെയ്യുന്നു. ഏതു പോലെയാണോ അഞ്ച് വിരലുകളുടെ സഹയോഗത്തിലൂടെ എത്ര തന്നെ വലിയ കാര്യവും സഹജമാകുന്നത്, അതുപോലെ ഓരോ ബ്രാഹ്മണ കുട്ടിയുടേയും സഹയോഗം സേവനങ്ങളിൽ സഫലതാ സമ്പന്നമാക്കി മാറ്റുന്നു. സഹയോഗത്തിന്റെ ഫലം സഫലതയാണ്.

## സ്ലോഗൻ:- ചുവട്-ചുവടിൽ കോടികളുടെ സമ്പാദ്യം ശേഖരിക്കുന്നവർ തന്നെയാണ് ഏറ്റവും വലിയ ധനവാൻ.